**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1088** **18-09-2025 - ൽ മറുപടിയ്ക്ക്**

**അഷ്ടമുടി കായലിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനായി സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അഷ്ടമുടി കായലിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനായി പ്രത്യേക മാനേജ്മെന്റ് സമിതി രൂപീകരിക്കണമെന്ന ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | ബഹു. ഹൈക്കോടതിയുടെ 10/06/2025 ലെ WP(C)18400/2024 ലെ ഉത്തരവിൽ അഷ്ടമുടി കായലിന്റെ സംരക്ഷണത്തിനായി പ്രത്യേക മാനേജ്മെന്റ് സമിതി രൂപീകരിക്കണമെന്ന് ഉത്തരവിടുകയുണ്ടായി. ആയതിന്റെ ഫലമായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി മുൻകൈ എടുത്തുകൊണ്ട് കൊല്ലം ജില്ലാ കളക്ടർ അധ്യക്ഷനായി Ashtamudi Wetland Management Unit രൂപീകരിക്കുകയുണ്ടായി. ആയതിൽ ജലസേചന വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ അംഗങ്ങളായുണ്ട്. കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും മാനേജ്മെന്റും സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി "സ്റ്റേറ്റ് വെറ്റ്ലാൻഡ് അതോറിറ്റി -കേരളം "(SWAK) എന്ന അതോറിറ്റി പ്രവർത്തിക്കുന്നു. പരിസ്ഥിതി വകുപ്പാണ് ഇതിന്റെ നോഡൽ ഡിപ്പാർട്ട്മെന്റ്. |
| (ബി) | റാംസർ കൺവെൻഷൻ പ്രകാരം അഷ്ടമുടി കായലിന്റെ മലിനീകരണം തടയുന്നതിനും കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കുന്ന രീതിയിൽ തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരമായ വിനിയോഗത്തിനും വേണ്ടിയുള്ള റാംസർ ഉടമ്പടി പ്രകാരം അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളുടെ പട്ടികയിൽ അഷ്ടമുടി തണ്ണീർത്തടം ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം കോർപ്പറേഷന്റെ ഒരു പ്രധാന ഭാഗം പങ്കിടുന്നതിനാൽ നഗര മലിനീകരണത്തിന് അഷ്ടമുടി കായൽ ഇരയായിട്ടുണ്ട്. റെസ്റ്റോറന്റുകൾ, ആശുപത്രികൾ, വ്യാവസായിക, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഖര, ദ്രവ മാലിന്യങ്ങൾ, പ്രത്യേകിച്ച് ടോയ്‌ലറ്റ് മാലിന്യങ്ങൾ എന്നിവ കായലിലേക്ക് തള്ളുന്നു, ഇത് ചില ഭാഗങ്ങളിൽ ദുർഗന്ധം ഉണ്ടാക്കുന്നു. ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്ന കൊല്ലം മണിച്ചിതോടിൽ നിന്നും ഖരമാലിന്യങ്ങൾ അഷ്ടമുടി കായലിലേക്ക് പതിക്കാതിരിക്കുന്നതിന് വേണ്ടി Deposit- Kollam Corporation Urban Agglomeration – Improvement of drainage |

| | | | |
|---|---|---|---|
| | | | facilities of Manichithodu in Kollam Corporation എന്ന പ്രവൃത്തി നടന്നു വരുകയാണ്. കൂടാതെ മണിച്ചിതോടിലേക്ക് ഖരമാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനായി ഫെൻസിംഗ് പ്രവൃത്തികളും മേൽ പറഞ്ഞ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതുവഴി മണിച്ചിതോടിലേക്ക് ഖരമാലിന്യങ്ങൾ തള്ളുന്നത് ഒരു പരിധിവരെ തടയുവാൻ സാധിക്കുന്നതാണ്.<br><br>കൂടാതെ അഷ്ടമുടിക്കായലിന്റെ മലിനീകരണം ഒഴിവാക്കുന്നതിനായി ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ ഫെൻസിങ് സ്ഥാപിക്കുകയും ബോധവൽക്കരണത്തിനായി സൂചനാഫലകങ്ങൾ സ്ഥാപിക്കുകയും കൈയ്യേറ്റം റിപ്പോർട്ട് ചെയ്യുന്ന ഉടൻ തന്നെ റവന്യൂ വകുപ്പുമായി ചേർന്ന് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ